## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6319** **20.11.2019-ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിലെ ഇടനിലക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിൽ മേഖലയിലും വാസസ്ഥലത്തും ഇടനിലക്കാരുടെ ചൂഷണത്തിനിരയാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;<br>(ബി) തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി ഇടനിലക്കാരില്ലാതെ ലഭിക്കുന്നതിനായി ലേബർ ബാങ്ക് പോലുള്ള സംവിധാനം ഒരുക്കുവാൻ സർക്കാർ മുൻകൈ എടുക്കുമോ; ആയത് സർക്കാർ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലി ഇടനിലക്കാരില്ലാതെ ലഭ്യമാക്കുന്നതിനായി ലേബർ ബാങ്ക് പോലുള്ള സംവിധാനം ഒരുക്കുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവത്ക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുവാനും ഫെസിലിറ്റേഷൻ സെന്ററുകൾ വഴിയും തൊഴിൽ വകുപ്പ് സംഘടിപ്പിച്ചു വരുന്ന ബോധവത്ക്കരണ പരിപാടികൾ വഴിയും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) അപ്നാഘർ പദ്ധതി വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; ഇതര സംസ്ഥാന തൊഴിലാളികൾ ഏറ്റവും കൂടുതൽ താമസിച്ചു വരുന്ന പട്ടാമ്പി പോലുള്ള താലൂക്കുകളിലെങ്കിലും ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ; വിശദമാക്കാമോ? | (സി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി വ്യാപിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ.